# <u>കറുകുറ്റി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്</u>

## കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്കിലെ നല്ല രീതിയിൽ പ്രവർത്തനം കാഴ്ച്ചവെക്കുന്ന സി. ഡി. എസ് ആണ് **കറുകുറ്റി**. 2002 ൽ പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ കുടുംബശ്രീ പ്രവർത്തനങ്ങൾ എല്ലാം തന്നെ വളരെ ഊർജസ്വലതയോടെ മനസിലാക്കി ചെയ്യുവാൻ സി. ഡി.എസ് ചെയർപേഴ്സൺ അടക്കമുള്ള ഭരണസമിതി പ്രത്യേകം ശ്രദ്ധ കൊടുത്തിട്ടുണ്ട്. നിലവിൽ **181 അയൽക്കൂട്ടങ്ങൾ, 27 വയോജന അയൽക്കൂട്ടം,28 ബാലസഭ** എന്നിവ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.

<u>പ്രധാന പ്രവർത്തനങ്ങൾ</u>

<u>കമ്മ്യൂണിറ്റി കിച്ചൻ</u>

കോവിഡ് കാലത്ത് ചെയ്ത പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായ കമ്മ്യൂണിറ്റി കിച്ചൺ പഞ്ചായത്തുമായി സഹകരിച്ചു 40 ദിവസം നടത്തുകയുണ്ടായി. കമ്മ്യൂണിറ്റി കിച്ചണിൽ നമ്മുടെ **സംരംഭകർ, JLG ഗ്രൂപ്പുകൾ, CDS മെമ്പേഴ്സ്** എന്നിവരുടെ അകമഴിഞ്ഞ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ഇതുമൂലം **4114 ഭക്ഷണപ്പൊതികൾ** വിതരണം ചെയ്യുവാൻ സാധിച്ചു.കൂടാതെ ക്വാറന്റൈനിൽ കഴിഞ്ഞവർക്കായി കുടുംബശ്രീ പ്രത്യേകം കമ്മ്യൂണിറ്റി കിച്ചൺ നടത്തുകയുണ്ടായി. ഇതിലേയ്ക്കായി JLG ഗ്രൂപ്പുകൾ ധാരാളം പച്ചക്കറികൾ നൽകുകയുണ്ടായി.



<u>മാസ്ക്,സാനിറ്റൈസർ   നിർമ്മാണം</u>

കോവിഡ് കാലത്ത് നല്ല രീതിയിൽ ചെയ്യുവാൻ സാധിച്ച മറ്റൊരു പ്രധാന പ്രവർത്തനമായിരുന്നു മാസ്കുകളുടെയും സാനിറ്റൈസറുകളുടെയും നിർമ്മാണം. അടിയന്തരമായി മാസ്കുകൾ നിർമ്മിക്കുന്ന ഗ്രൂപ്പുകൾ ഇടപെടലുകൾ നടത്തണം എന്ന് ജില്ലാമിഷൻ അറിയിപ്പ് നൽകിയ അന്നുമുതൽ ഈ പ്രവർത്തനങ്ങൾ ഭംഗിയോടുകൂടി തുടർന്നു പോരുന്നു. **66 യൂണിറ്റുകൾ ചേർന്ന് 30000 ത്തിൽ അധികം മാസ്കുകളും, 8 യൂണിറ്റുകൾ ചേർന്ന് 2500 ഓളം സാനിറ്റൈസറുകളും നിർമ്മിച്ചു നൽകുകയുണ്ടായി.** ഇത്തരമൊരു

പ്രതിസന്ധി ഘട്ടത്തിൽ ഈ പ്രവർത്തനത്തിലൂടെ ഒരു അധിക വരുമാനം അവർക്ക് ലഭിക്കുകയുണ്ടായി.



<u>**മുഖ്യമന്ത്രിയുടെ സഹായഹസ്തം**</u>

കോവിഡ് കാലത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയ **'മുഖ്യമന്ത്രിയുടെ സഹായഹസ്തം'** എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇവിടെയും നല്ല രീതിയിൽ കാഴ്ചവെക്കാൻ സാധിച്ചു. ജില്ലാമിഷനിൽ നിന്നും അനുവദിച്ചു തന്ന **1,20,00,000** രൂപ സമയബന്ധിതമായി

അർഹതപെട്ടവരെ കണ്ടെത്തി അപേക്ഷകൾ ബാങ്കിൽ കൊടുക്കുവാനായി സാധിച്ചു.

<u>കൃഷിവ്യാപനം</u>

കൃഷിവകുപ്പുമായി ചേർന്ന് അയൽക്കൂട്ടങ്ങൾക്കും, JLG ഗ്രൂപ്പുകൾക്കും പച്ചക്കറിതൈകൾ വിതരണം നടത്തി. കൊറോണ കാലത്ത് കൃഷിവ്യാപിപ്പിക്കുക എന്ന ലക്ഷ്യം ഇതുമൂലം കൈവരിക്കാൻ സാധിച്ചു. കൂടാതെ **2 ഏക്കർ തരിശ് സ്ഥലത്ത്** കൃഷി ചെയ്യുവാൻ സാധിച്ചു. ജില്ലാമിഷന്റെ പ്രത്യേക മത്സരം **എന്റെ മണ്ണ്; എന്റെ അടുക്കളയ്ക്ക്, എന്റെ പച്ചക്കറി** എന്ന പ്രോഗ്രാമിന് ഇവിടെ നിന്നും ധാരാളം ആളുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.




<u>സപ്ലൈകോ വഴിയുള്ള പാക്കിങ്</u>

ഭക്ഷ്യധാന്യ കിറ്റ് പാക്കിങ്ങിനായിട്ട് സി.ഡി.എസ് ചെയർപേഴ്സൺ അടക്കം എല്ലാ മെമ്പേഴ്സും ഒന്നിച്ചു നിന്നുകൊണ്ട് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചു.



<u>**ജില്ലാമിഷനുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ**</u>

കോവിഡ് കാലത്ത് ജില്ലാമിഷൻ സി.ഡി.എസ് തലത്തിൽ ധാരാളം പരിപാടികൾ നടത്തുകയുണ്ടായി. പ്രധാനമായും പരസ്പരം കാണുവാനോ, ബന്ധപ്പെടുവാനോ സാധിക്കാത്ത സാഹചര്യത്തിൽ **17 എ.ഡി.എസ് കളിലുമായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയുണ്ടായി ഒപ്പം അയൽക്കൂട്ടതലത്തിലും വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപികരിച്ചു.** അതിലൂടെ സി.ഡി.എസ് ന്റെ പ്രവർത്തനം സുഗമമാക്കുവാനും സാധിച്ചു.

ജില്ലാമിഷന്റെ നേതൃത്വത്തിൽ ; **നല്ല പാട്ടുകാരി, എന്റെ കവിത, ചിത്രം വിചിത്രം,എന്റെ മുത്തശ്ശി എന്റെ മണ്ണ്; എന്റെ അടുക്കളയ്ക്ക്, എന്റെ പച്ചക്കറി, വലിയ ലോകവും ചെറിയ കുട്ടികളും, ജാക്ക്ഫ്രൂട്ട് ചലഞ്ച്, സർഗം – ബാലസഭ, സൈബർ ജാലകം, ഒരു വീഡിയോ എന്റെ കുടുംബശ്രീ** തുടങ്ങി ജില്ലാമിഷന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടികളിലെല്ലാം നല്ല രീതിയിൽ പങ്കാളിത്തം ഉണ്ടായി.

**ചിത്രം വിചിത്രം** പരിപാടിയിൽ ബ്ലോക്ക് തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചു. **സൈബർ ജാലകം** എന്ന പേരിൽ അയൽക്കൂട്ട അംഗങ്ങൾ പരസ്പരം നേരിൽ കാണാതെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്നു. **548** അയൽക്കൂട്ട അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

**<u>പൊതുപ്രവർത്തങ്ങൾ</u>**

വയോജന അയൽക്കൂട്ടങ്ങൾ സന്ദർശിച്ചു അവർക്കു വേണ്ട സഹായങ്ങൾ ചെയ്യുവാനായി സി.ഡി.എസ് നു സാധിച്ചു.അവരുടെ ആവശ്യങ്ങൾ ചോദിച്ചു മനസിലാക്കി മുൻപോട്ടുള്ള ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ കോവിഡ് കാലത്ത് സാധിച്ചു. കോളിങ് ബെൽ ഉപഭോക്താക്കളെ സന്ദർശിക്കാനും അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കുവാനും മുൻകൈ എടുത്തു. ഫോണിലൂടെയും സി.ഡി.എസ് മെമ്പർമാരുടെ നേരിട്ടുള്ള സന്ദർശനത്തിലൂടെയും അവരെ അറിയാനും അവരുടെ വിഷമതകൾ മനസിലാക്കാനും ശ്രമിച്ചു. ബാലസഭാ കുട്ടികളുടെ മാനസിക ഉല്ലാസത്തിനായിട്ട് അവരെ കൊണ്ട് കൃഷി ചെയ്യിപ്പിക്കുകയും ചെയ്തു. ഒറ്റപെട്ടു ജീവിക്കുന്നവരുടെ മനസികമായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പരിധി വരെ ഹെൽത്ത് ഡിപ്പാർട്മെന്റും നമ്മുടെ ജൻഡർ ഹെൽപ്ഡെസ്ക്കുമായി ചേർന്ന് നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചു. ഒപ്പം അവർക്കു വേണ്ട മാനസിക പിന്തുണയും നൽകി വരുന്നു.എല്ലാത്തിലും ഉപരിയായി കോവിഡ് കാലത്തെ പ്രധാന പ്രവർത്തനമായി മുന്നിൽ കണ്ട് സന്നദ്ധ സേനയിൽ 55 ശതമാനം അയൽക്കൂട്ട അംഗങ്ങളെയും രജിസ്റ്റർ ചെയ്യിപ്പിക്കുവാൻ സാധിച്ചു. കോവിഡ് കാലം എല്ലാ അയൽക്കൂട്ടങ്ങളെയും ഏറെക്കുറെ ബാധിച്ചു എന്ന് തന്നെ പറയാം. പക്ഷെ അതിൽ നിന്നും ഒന്നിച്ചുള്ള സി.ഡി.എസ് ന്റെ പ്രവർത്തനമികവ് ഇവരെ കരകയറ്റി എന്ന് പറയാൻ സാധിക്കും. നാളിതുവരെ കോവിഡ് കാലത്തെ പ്രധാന പ്രവർത്തങ്ങൾ ആണ് മേൽ പറഞ്ഞവയെല്ലാം.

ഇത്രയെല്ലാം കാര്യങ്ങൾ ഭംഗിയായി ചെയ്തു പോരുമ്പോഴും പഞ്ചായത്ത് ഭരണസമിതി കുടുംബശ്രീയ്ക്ക് വേണ്ട പരിഗണന നൽകുന്നില്ല എന്നതും

കറുകുറ്റി സി.ഡി.എസ് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണെന്ന് പ്രത്യേകം എടുത്തു പറയേണ്ട വസ്തുതകളിൽ ഒന്നാണ്...


തയാറാക്കിയത്,

സി.ഡി.എസ് ചെയർപേഴ്സൺ

ടെസ്സി പോൾ,

**9746805813**

രാഹുൽ എം നായർ

എം.കെ.എസ്.പി ബ്ലോക്ക് കോ-ഓർഡിനേറ്റർ

അങ്കമാലി ബ്ലോക്ക്,

**9746305828**